**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികൾ എത്രയാണെന്നറിയിക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികളും, 84531 അനുബന്ധ മത്സ്യത്തൊഴിലാളികളും ഉണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി നൽകി വരുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി ആയി ചേർക്കുന്നു. |
| (സി) | സർക്കാർ നേരിട്ടാണോ മറ്റേതെങ്കിലും ഏജൻസി മുഖാന്തിരമാണോ ആനുകൂല്യം നൽകിവരുന്നത്; ആണെങ്കിൽ ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ്/മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി, തണൽ പ്രത്യേക ധനസഹായങ്ങൾ തുടങ്ങിയവ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് വഴിയും, വായ്പ പദ്ധതികൾ മത്സ്യഫെഡ് മുഖേനയും മത്സ്യത്തൊഴിലാളി വനിതകൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതികൾ സാഫ് വഴിയും നടപ്പിലാക്കി വരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായുള്ള വിവിധ ആനുകൂല്യങ്ങൾ

1. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം പഞ്ഞമാസങ്ങളിൽ 4500/- രൂപ ധനസഹായം നൽകുന്നു.
2. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.
3. വിദ്യാഭ്യാസ ആനുകൂല്യം - ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ് ചാർജ്, തുടങ്ങിയവ അനുവദിച്ച് നൽകുന്നു.
4. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി. എസ്. സി., ബാങ്ക് ടെസ്റ്റ് , സിവിൽ സർവ്വീസ് പരിശീനലനം നൽകിവരുന്നു.
5. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നു.
6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി പ്രകാരം ജി.പി.എസ്, ലൈഫ് ബോയ്, DAT, VHF, Marine Radio എന്നിവ സബ്സിഡിയോടു കൂടി നൽകുന്നു.
7. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി
8. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
9. ഓഖി പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി ലൈഫ് ജാക്കറ്റ്, നാവിക് ഉപകരണങ്ങൾ, സാറ്റ് ലൈറ്റ് ഫോൺ, എഫ്.ആർ.പി ബോട്ട്, കടൽ സുരക്ഷാ സ്ക്വാഡുകൾ, ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ഓഖിയിൽ വീട് നഷ്ടപെട്ടവർക്ക് സ്ഥലം വാങ്ങി ഭവന നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു.
10. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങൾ നൽകുന്ന പദ്ധതി.
11. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ.
    - (എ) മത്സ്യത്തൊഴിലാളി പെൻഷൻ
    - (ബി) ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.
    - (സി) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ട് ഉണ്ടാകുന്ന മരണത്തിന് ധനസഹായം.
    - (ഡി) വിവാഹ ധനസഹായ പദ്ധതി
    - (ഇ) മത്സ്യത്തൊഴിലാളികളുടെ മരണം- ആശ്രിതർക്ക് ധനസഹായം, പെൻഷൻ
    - (എഫ്) കുടുംബ സംവിധാന പദ്ധതി
    - (ജി) മാരക രോഗ ചികിത്സ പദ്ധതി വഴി പരമാവധി 50,000/- രൂപ ധനസഹായം
    - (എച്ച്) ചെയർമാൻ റിലീഫ് ഫണ്ട്.
    - (ഐ) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
    - (ജെ) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായം
    - (കെ) അപകടം മൂലമുണ്ടാകുന്ന താത്ക്കാലിക അവശതയ്ക്ക് ധനസഹായം
12. മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതികൾ
    - (എ) ഇൻഷുറൻസ് പദ്ധതി
    - (ബി) എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി.
    - (സി) NBCFDC/NMDFC ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ
    - (ഡി) മത്സ്യത്തെഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പ.
    - (ഇ) സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ.
    - (എഫ്) ഗിയർ സബ്സിഡി.
    - (ജി) പരമ്പരാഗത യാനങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കുന്നതിനുള്ള സബ്സിഡി.

**സെക്ഷൻ ഓഫീസർ**